പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2537     18.07.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

# മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ. കെ . പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങൾ ഏറെയും വിളവെടുപ്പിനെ തുടർന്ന് അതേ രൂപത്തിൽ തന്നെ അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റിപ്പോകുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (എ) ഉണ്ട്. ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട മേഖലകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ശീതകാല പച്ചക്കറികൾ തമിഴ്നാട്ടിലേക്കും പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാമ്പഴവും എറണാകുളം ജില്ലയിലെ വാഴക്കുളം മേഖലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന പൈനാപ്പിളും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്കും കയറ്റി പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണ കേന്ദ്രങ്ങൾ കൂടുതൽ എണ്ണം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ തുടരുമോ ; | (ബി) ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളുടെ പ്രാഥമിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മൊത്തം ചെലവാകുന്ന തുകയുടെ 40 55 ശതമാനം സബ്സിഡി നൽകുന്നു.<br>നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം നാളികേര വികസന ബോർഡു നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉല്പാദിപ്പിക്കുന്ന കാർഷിക വിളകളിൽ സംസ്ഥാനത്തു തന്നെ വിവിധ തട്ടുകളിൽ സംസ്ക്കരണത്തിന് വിധേയമാകുന്നവ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ; | (സി) | സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന മാമ്പഴം ഉപയോഗിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും (കെയ്കോ), പൈനാപ്പിൾ, മാമ്പഴം, പപ്പായ, ഇഞ്ചി മുതലായവ ഉപയോഗിച്ച് നടുക്കര അഗ്രോ പ്രോസസിംഗ് കമ്പനിയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്നുണ്ട്.<br>സർക്കാർ മേഖലയ്ക്കു പുറമേ വനിതാ ഗ്രൂപ്പുകൾ, സ്വാശ്രയ സംഘങ്ങൾ എന്നിവ മുഖേന കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഉപയോഗിച്ച് ചെറുകിട മൂല്യ വർദ്ധിത യൂണിറ്റുകൾ നടപ്പിലാക്കുന്നു. നേന്ത്രൻ, ചക്ക, മരച്ചീനി എന്നിവ ചിപ്സ് ഉണ്ടാക്കുവാനായി കൂടുതലായി ഉപയോഗിച്ച് വരുന്നു. |
| (ഡി) | കേരളത്തിന് പുറത്തു കൊണ്ടു പോയി മൂല്യവർദ്ധന നടത്തുന്നവയെ കുറിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ? | (ഡി) | പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാമ്പഴവും എറണാകുളം ജില്ലയിലെ വാഴക്കുളം മേഖലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന പൈനാപ്പിളും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി മൂല്യവർദ്ധന നടത്തുന്നുണ്ട്. |

Sherly

സെക്ഷൻ ഓഫീസർ